നമ്പർ : എച്ച് 5-24754/09

വിദ്യാഭ്യാസ ഉപഡയറക്ടറുടെ
കാര്യാലയം തൃശ്ശൂർ- 20.02.2010

വിദ്യാഭ്യാസ ഉപഡയറക്ടർ
തൃശ്ശൂർ.

ജില്ലാ / ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർ

സർ,

വിഷയം:-പൊതുവിദ്യാഭ്യാസം-തൃശ്ശൂർജില്ലാപഞ്ചായത്ത്-ശാരീരികവും മാനസികവുമായ വെല്ലുവിളികൾ നേരിടുന്നവർക്ക് സ്കോളർഷിപ്പും വാർഷികബത്തയും നൽകൽ - പ്രൊജക്ട് സംബന്ധിച്ച്-

സൂചന :- (1) ജില്ലാ ആസൂത്രണ സമിതിയുടെ 16.10.09 ലെ 1662/09/ROI/ഡി.പി.എം നമ്പർ അനുമതി

മേൽ സൂചനകളിലേക്ക് താങ്കളുടെ ശ്രദ്ധ ക്ഷണിക്കുന്നു. **തൃശ്ശൂർ ജില്ലാ പഞ്ചായത്തിന്റെ 2009-10** വാർഷിക പദ്ധതിയുടെ ഭാഗമായി ശാരീരികവും മാനസികവുമായ വെല്ലുവിളികൾ നേരിടുന്നവരും (ബധിര,മൂക,അംഗവൈകല്യം,മാനസികം) **ഗ്രാമപഞ്ചായത്ത് പ്രദേശങ്ങളിൽ വസിക്കുന്നവരും പട്ടികജാതിയിൽ** പ്പെട്ടവരുമായ വിദ്യാർത്ഥി-വിദ്യാർത്ഥിനികൾക്ക് സ്കോളർഷിപ്പും വാർഷികബത്തയും നൽകുന്നതിന് വിദ്യാർത്ഥികളുടെ രക്ഷിതാക്കളിൽനിന്നും രക്ഷിതാക്കളില്ലാത്തവരുടെ കാര്യത്തിൽ സ്ഥാപന മേധാവിയിൽ നിന്നും അപേക്ഷ ക്ഷണിക്കുന്നു.

ഹാജരാക്കേണ്ട രേഖകൾ താഴെ ചേർക്കുന്നു.

1. രക്ഷിതാവിന്റെ അപേക്ഷ.(രക്ഷിതാക്കളില്ലാത്തവരുടെ കാര്യത്തിൽ സ്ഥാപന മേധാവിയിൽ നിന്നും)
2. വിദ്യാർത്ഥിയുടെ ജാതി തെളിയിക്കുന്നതിനുള്ള സർട്ടിഫിക്കറ്റ്.
3. ശാരീരിക, മാനസിക വൈകല്യങ്ങൾ തെളിയിക്കുന്നതിനുള്ള ഗവ. ഡോക്ടറുടെ സർട്ടിഫിക്കറ്റ്.
4. ഗ്രാമപഞ്ചായത്തിൽ നിന്നും ഇതേ ആനുകൂല്യം നൽകിയിട്ടില്ലെന്നു കാണിക്കുന്ന ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ സാക്ഷ്യപത്രം.
5. പഠിക്കുന്ന സ്ഥാപനത്തിൽ നിന്നും
   A. വിദ്യാർത്ഥിയുടെപേരും വിലാസവും ക്ലാസ്സും വയസ്സും
   B. ഹോസ്റ്റലറാണോ എന്നും
   C. ഇതേ ആവശ്യത്തിനു ആനുകൂല്യം നൽകിയിട്ടില്ലെന്നു കാണിക്കുന്ന സാക്ഷ്യപത്രം.

അപേക്ഷകൾ ഫെബ്രുവരി 28നകം ഈ ഓഫീസിൽ ലഭ്യമാക്കേണ്ടതാണ്.
മേൽ വിവരം എല്ലാ സ്ക്കൂളുകളിലും അറിയിക്കേണ്ടതും അർഹതപ്പെട്ട വിദ്യാർത്ഥികൾക്ക് സ്ക്കോളർഷിപ്പ് ലഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

വിശ്വസ്തതയോടെ,

വിദ്യാഭ്യാസ ഉപഡയറക്ടർ,
തൃശ്ശൂർ.